## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.491** **01.07.2019-ലെ മറുപടിക്ക്**

## സംസ്ഥാനത്തിന്റെ സാമ്പത്തിക നില

**ചോദ്യം** **ഉത്തരം**

**ശ്രീ. വി. ഡി. സതീശൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എ.പി. അനിൽ കുമാർ**
**ശ്രീ. എം. വിൻസെന്റ്**

**ഡോ. ടി.എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| (എ) | ദൈനംദിന ചെലവുകൾക്ക് പോലും പണമില്ലാതെ സംസ്ഥാനത്തിന്റെ സാമ്പത്തിക നില അനുദിനം ഗുരുതരമായ സ്ഥിതിവിശേഷത്തിലേക്ക് നീങ്ങുന്നു എന്ന ആക്ഷേപം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും ഫലമായി രാജ്യത്താകമാനം സംജാതമായ സാമ്പത്തിക മുരടിപ്പ് സംസ്ഥാനത്തെയും ബാധിച്ചിട്ടുണ്ട്. ഇതോടൊപ്പം ആവർത്തിച്ചുണ്ടായ പ്രകൃതി ദുരന്തങ്ങൾ സ്ഥിതി കൂട്ടുതൽ സങ്കീർണ്ണമാക്കി. ടി പ്രതികൂല ഘടകങ്ങൾ സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ അത്യന്തം ദുർബലമാക്കിയെന്നത് വസ്തുതയാണ്.<br><br>കേന്ദ്ര സർക്കാരിൽ നിന്നുള്ള നികുതി വിഹിതവും സംസ്ഥാനത്തിന്റെ മുഖ്യ നികുതി സ്രോതസ്സായ ചരക്ക് സേവന നികുതിയിൽ നിന്നുള്ള വരുമാനവും മാസത്തിന്റെ രണ്ടാം പകുതിയിലാണ് ലഭിക്കുന്നത്. എന്നാൽ ശമ്പളവും പെൻഷനും അടക്കമുള്ള ചെലവിന്റെ ഏറിയ പങ്കും മാസാദ്യമാണ് വഹിക്കേണ്ടി വരുന്നത്. വരവിന്റെയും ചെലവിന്റെയും കാര്യത്തിലുള്ള ഈ ക്രമമില്ലായ്മ ദൈനംദിന ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. മേൽ വിവരിച്ച പ്രതികൂല സാഹചര്യത്തിലും സാമൂഹ്യ ക്ഷേമ, വികസന ചെലവുകളിൽ കുറവ് വരാത്ത വിധം കൃത്യമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കർ മുന്നോട്ട് പോകുന്നത്. |
| (ബി) | സാമ്പത്തികനില സുസ്ഥിരമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികളിൽ പ്രധാനപ്പെട്ടവ ഇവയാണ്. |

| | | |
|---|---|---|
| | എന്തൊക്കെയാണ്; | 1. വിവിധ ഫീസുകളും ചാർജ്ജുകളും കാലാനുസൃതമായി പരിഷ്കരിച്ചു.<br>2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.<br>3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.<br>4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.<br>5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.<br>6. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.<br>7. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യ വത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.<br>8. സാമ്പത്തിക അച്ചടക്കം ഉറപ്പ വരുത്തുന്നതിന്റെയും ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും, പുതിയ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും, വിദേശ യാത്രയ്ക്കും, വിമാന യാത്രയ്ക്കും, മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | നിത്യനിദാന ചെലവുകൾക്കായി കടപ്പത്രങ്ങളിലൂടെ കോടികൾ കടമെടുക്കുന്ന സാഹചര്യത്തിലും ധൂർത്തും അനാവശ്യചെലവുകളും ഒഴിവാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ; | സംസ്ഥാനത്തിന്റെ നോൺപ്ലാൻ റവന്യൂ അക്കൗണ്ടിലെ അസന്തുലിതാവസ്ഥ കാലങ്ങളായി സംസ്ഥാനം അഭിമുഖീകരിക്കുന്ന വളരെ ഗൗരവമേറിയ സാമ്പത്തിക പ്രശ്നമാണ്. അതുകൊണ്ട് റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാകുന്ന സാഹചര്യത്തിൽ മാത്രമേ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ നിന്നും വികസനപ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് കണ്ടെത്തുവാൻ |

| | | |
|---|---|---|
| | | സാധിക്കുകയുള്ളൂ. വരുമാനം വർദ്ധിപ്പിച്ച് മേൽ പ്രതികൂല സാഹചര്യം തരണം ചെയ്യുന്നതിനുതകുന്ന വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ മുന്നോട്ട് പോകുന്നത്. എന്നാൽ കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ നയങ്ങളും നോട്ട് നിരോധനവും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയും കഴിഞ്ഞ വർഷം സംസ്ഥാനത്തെ ഗ്രസിച്ച പ്രളയവും സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ ദുർബലപ്പെടുത്തിയത് വരുമാന വർദ്ധനവ് ലക്ഷ്യമാക്കി സർക്കാർ കൈക്കൊണ്ട നടപടികളെ പൂർണ്ണ വിജയത്തിലെത്തിക്കുന്നതിൽ നിന്നും പിന്നോട്ടടിച്ചിട്ടുണ്ട്.<br>ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കുന്നതിന് നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിച്ചു പോരുന്നുണ്ട്. |
| (ഡി) | സർക്കാരിന്റെ ആയിരം ദിനാഘോഷങ്ങളുടെ ഭാഗമായി ഒൻപതര കോടി രൂപ ചെലവഴിച്ചിട്ട് മൂന്ന് മാസം കഴിയുന്നതിന് മുമ്പ് ഈ സർക്കാർ നാലാം വർഷത്തിലേക്ക് കടന്നതിന്റെ ആഘോഷങ്ങൾ സംഘടിപ്പിച്ച് ലക്ഷങ്ങൾ ചെലവഴിച്ചത് ന്യായീകരിക്കാവുന്നതാണോ എന്ന് അറിയിക്കാമോ; | സർക്കാരിന്റെ ആയിരം ദിനാഘോഷങ്ങളുടെ ഭാഗമായി ജില്ലാതല എക്സിബിഷനും കലാപരിപാടികൾക്കും മുൻകൂറായി 14 ജില്ലാ കളക്ടർമാർക്ക് മുൻ സാമ്പത്തികവർഷം (2018-19) 490 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ ലഭ്യമായ കണക്ക് പ്രകാരം 91,67,640/- രൂപയാണ് ടി തുകയിൽ നിന്ന് വിനിയോഗിച്ചിട്ടുള്ളത്. ജില്ലകളിൽ നിന്ന് ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം 3,50,59,617/- രൂപ കൂടി ചെലവായിട്ടുണ്ട്.<br>സർക്കാർ നാലാം വർഷത്തിലേക്ക് കടന്നതിന്റെ ഭാഗമായി പ്രോഗ്രസ് കാർഡ് പ്രകാശന ചടങ്ങിനോടനുബന്ധിച്ച ചെലവുകൾക്കായി നാളിത് വരെ 12 ലക്ഷം രൂപ നൽകിയിട്ടുണ്ട്. പ്രോഗ്രസ് കാർഡ് അച്ചടിച്ച ഇനത്തിൽ ബന്ധപ്പെട്ട പ്രസ്സിന് നൽകേണ്ട തുക നാളിതുവരെ അനുവദിച്ചിട്ടില്ല. തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br>സർക്കാർ നടത്തിയ വികസന ക്ഷേമ പ്രവർത്തനങ്ങൾ എല്ലാ തുറകളിലുമുള്ള ജനങ്ങൾക്കും അനുഭവവേദ്യമാക്കുന്നതോടൊപ്പം ആയത് |
| (ഇ) | സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച ചെലവുകൾ വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | |

| | | |
|---|---|---|
| | | ജനങ്ങളിലെത്തിക്കുകയെന്നത് ജനാധിപത്യ സർക്കാരുകളുടെ കടമയാണ്. ഇതിന്റെ ഭാഗമായാണ് ഇത്തരം ആഘോഷ പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളത്. ടി പരിപാടികളിൽ സാമ്പത്തിക അച്ചടക്കവും മിതത്വവും പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെ മേൽ പ്രതിപാദിച്ച ചെലവുകൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ എന്തെങ്കിലും പ്രതികൂല ഫലങ്ങൾ ഉളവാക്കിയെന്ന് സർക്കാർ കണക്കാക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**